ഖുത്വ്ബ നമ്പർ

**18**

**03-05-2013**

بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്വ്ബ

# ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

## ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ

يٰۤاَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَلْتَنْظُرْ
نَفْسٌ مَّا قَدَّمَتْ لِغَدٍ ۚ وَاتَّقُوا اللّٰهَ ؕ
اِنَّ اللّٰهَ خَبِيْرٌۢ بِمَا تَعْمَلُوْنَ ﴿١٩﴾
وَلَا تَكُوْنُوْا كَالَّذِيْنَ نَسُوا اللّٰهَ فَاَنْسٰىهُمْ
اَنْفُسَهُمْ ؕ اُولٰٓئِكَ هُمُ الْفٰسِقُوْنَ ﴿٢٠﴾

വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്കുവേണ്ടി താനൊരുക്കിവച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ചു നോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിവുള്ളവനാകുന്നു.

ഒരു കൂട്ടർ, അല്ലാഹുവിനെ വിസ്മരിച്ചു. അതിനാൽ, അവൻ (അല്ലാഹു) അവർക്ക് തങ്ങളെത്തന്നെ വിസ്മരിപ്പിച്ചു കളഞ്ഞു. നിങ്ങൾ അവരെ പോലെയാകരുത്. അവർ തന്നെയാണ് ആജ്ഞാലംഘകർ. (59:19,20)

അല്ലാഹു തആല ഒരു വിശ്വാസിക്കുള്ള അടിസ്ഥാന നിബന്ധനയായി പറഞ്ഞത് തഖ്‌വയാണ്. ഇതിനെ കുറിച്ച് വിശുദ്ധ ഖുർആനിൽ വിവിധ വചനങ്ങൾ കാണാവുന്നതാണ്. തഖ്‌വ സ്വീകരിക്കുക എന്നും തഖ്‌വയിൽ നിലനിൽക്കുക എന്നുമുള്ള ഉപദേശങ്ങൾ വിവിധ രീതിയിൽ അല്ലാഹു നൽകിയതായി കാണാവുന്നതാണ്. അല്ലാഹു വിവിധ കൽപനകൾ നൽകിയിരിക്കുന്നു. ഈ കൽപനകളനുസരിച്ച് ജീവിക്കുന്നവരെയാണ് തഖ്‌വയിൽ പദമൂന്നിയവരെന്നും മുത്തഖി എന്നും പറയുന്നത്. പ്രവർത്തിക്കാത്തവരെ അവരുടെ പര്യവസാനത്തെ കുറിച്ച് ഭയപ്പെടുത്തുകയും ചെയ്യുന്നു.

എന്താണ് തഖ്‌വ? വിശുദ്ധ ഖുർആനിൽ നിന്നും ലഭിക്കുന്ന വിവരണത്തിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്. അല്ലാഹുവിന്റെ പ്രീതിയെ എല്ലാ കാര്യങ്ങളിലും മുന്തിക്കുകയും അവനെ ഏകനായി കരുതുകയും എല്ലാ ശക്തിയുടെയും കേന്ദ്രമായി മനസ്സിലാക്കിക്കൊണ്ട് അവനോടുള്ള കടമകൾ നിറവേറ്റുകയും അതോടൊപ്പം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുക.

ഹദ്റത് മസീഹ് മൗഊദ് (അ) ഇതിനെ ഒരു സ്ഥലത്ത് ഇപ്രകാരമാണ് വിവരിക്കുന്നത്. 'അല്ലാഹുവിന്റെ അമാനത്തുകളും വിശ്വാസപരമായ പ്രതിജ്ഞകളും കഴിയുന്നത്ര നിറവേറ്റുക. ആപാദചൂഢം എത്ര മാത്രം ശക്തികളും അവയവങ്ങളും മനുഷ്യനുണ്ടോ, ബാഹ്യാവയവങ്ങളായ കണ്ണും ചെവിയും കയ്യും കാലും അതേപോലെ മറ്റവയങ്ങളും ഇതേപോലെ ആന്തരികവയവങ്ങളായ ഹൃദയം അതേപോലെ മറ്റു ശക്തികൾ ഉദാഹരണം സ്വഭാവഗുണങ്ങൾ ഇവയെല്ലാം മനുഷ്യന്റെ കഴിവിനനുസരിച്ച് അവസരോചിതം ഉപയോഗിക്കുക. അനുവദീയമല്ലാത്ത സ്ഥലങ്ങളിൽ നിന്ന് അതിനെ തടയുകയും മറഞ്ഞിരിക്കുന്ന അക്രമങ്ങളെത്തൊട്ട് ജാഗരൂഗരായിരിക്കുകയും ചെയ്യുക. അതോടൊപ്പം സൃഷ്ടികളോടുള്ള കടമകൾ പരിഗണിക്കുകയും ചെയ്യുക. മനുഷ്യന്റെ ആത്മീയമായ സർവ്വ സൗന്ദര്യങ്ങളും ഇതുമായി ബന്ധപ്പെട്ടു നിൽക്കുന്നു.

ഹ: മസീഹ് മൗഊദ് (അ) നമുക്ക് വിവരിച്ചു തന്ന ഉന്നത സ്ഥാനമാണിത്. ഈ സ്ഥാനം നാം കരസ്ഥമാക്കണമെന്ന പ്രത്യാശ ആ മഹാത്മാവ് പ്രകടിപ്പിക്കുകയും ചെയ്തു. അമാനത്തുകളും പ്രതിജ്ഞകളും പാലിക്കേണ്ട കാര്യത്തെ കുറിച്ച് ചില ഖുത്വുബകൾക്ക് മുമ്പ് ഞാൻ പറഞ്ഞിരുന്നു. ഇതെല്ലാം നിറവേറ്റുക എന്നത് വിശ്വാസവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഭാരവാഹികളുടെ കടമകളെ കുറിച്ചുള്ള വിഷയമായിരുന്നു അന്ന് സംസാരിച്ചിരുന്നത്. ഇന്ന് മറ്റു ചില കാര്യങ്ങളാണ് വിവരിക്കുന്നത്.

ഇക്കാലത്ത് വിശ്വാസം സ്വീകരിച്ചവരിൽ അഹ്മദികൾക്കാണ് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനെ കുറിച്ച് അതിഗഹനമായ രീതിയിൽ അറിവ് നൽകപ്പെട്ടിരിക്കുന്നത്. അത്കൊണ്ട് ഇവർ ഭാഗ്യവാന്മാരാണ്. ഒരു വിശ്വാസിക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ കഴിയുന്ന മാർഗ്ഗങ്ങൾ സുവ്യക്തമായ രീതിയിൽ വിവരിച്ചു തന്നു എന്നത് ഹ: മസീഹ് മൗഊദ് (അ) നമ്മോട് ചെയ്ത വലിയൊരൗദാര്യമാണ്. ഓരോരുത്തർക്കും നന്മയുടെയും ഉൾക്കാഴ്ച്ചയുടെയും കാര്യങ്ങൾ ഗ്രഹിക്കുന്നതിന്റെയും അറിവിന്റെയും ജ്ഞാനത്തിന്റെയും എല്ലാം പദവി വ്യത്യസ്ഥമായിരിക്കും. എല്ലാവരുടേയും സ്ഥാനം ഒന്നായിരിക്കില്ല. അതു കൊണ്ട് ഓരോരുത്തർക്കും നൽകിയിക്കുന്ന കൽപന എന്നത് ഓരോരുത്തരും അവരവരുടെ കഴിവനുസരിച്ച് പ്രവർത്തിക്കുക എന്നതാണ്. അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞകളും അവന്റെ അമാനത്തുകളും അതർഹിക്കും വിധം നിറവേറ്റുക എന്നതാണ്. ഓരോ വിശ്വാസിയും കഠിന പ്രയത്നത്തിലൂടെ ഈ സ്ഥാനം കരസ്ഥമാക്കാനായി പരിശ്ര

മിക്കുകയാണെങ്കിൽ തഖ്‌വയുടെ മാർഗ്ഗത്തിൽ ചരിക്കുന്നവനായി ഗണിക്കപ്പെടുന്നതാണ്. കയ്യും കാലും കണ്ണും ചെവിയും തുടങ്ങിയ അവയവങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കണമെന്ന് കൽപ്പിച്ചിരിക്കുന്നു. അല്ലാഹു വിരോധിച്ച കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കണം. ബാഹ്യാവയവങ്ങൾ സൃഷ്ടികളുടെ കടമകൾ മാത്രം നിറവേറ്റുന്നതിനല്ല. അതായത് ഇവ മുഖേന സൃഷ്ടികളുടെ കടമകൾ നിങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ നിങ്ങൾ ചോദിക്കപ്പെടും എന്നു മാത്രമല്ല പറഞ്ഞിരിക്കുന്നത്. ഇവ മുഖേന മറ്റു സൃഷ്ടികളുമായി ബന്ധമില്ലാത്ത പല പ്രവർത്തികളുമുണ്ടാകും. ഇതു മുഖേന മറ്റുള്ളവർക്ക് ഗുണമോ ദോഷമോ ഉണ്ടാവുകയില്ല. എന്നാൽ നാം കൂലങ്കശമായി ചിന്തിക്കുകയാണെങ്കിൽ ഇവ മുഖേന ചില പ്രവർത്തനങ്ങൾ ചെയ്യുമ്പോൾ അത് ആ വ്യക്തിക്ക് മാത്രം ഗുണമോ ദോഷമോ വരുത്തുന്നതായിരിക്കാം.

എന്നാൽ അല്ലാഹു ചിലത് ചെയ്യാനും ചിലത് ചെയ്യരുതെന്നും കൽപ്പിച്ചിരിക്കുന്നു. അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞ കാര്യങ്ങൾ മനുഷ്യൻ ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റെ അതിർ വരമ്പുകളെ ലംഘിക്കുകയാണ് ചെയ്യുന്നത്. ഇതു മുഖേന അല്ലാഹു നിലനിർത്തിയിരിക്കുന്ന അവകാശങ്ങളെ നിഷേധിക്കുകയായിരിക്കും ചെയ്യുക. ചെയ്യാൻ വേണ്ടി പറഞ്ഞ കാര്യങ്ങൾ ചെയ്യാതെ അല്ലാഹുവിന്റെ അനുസരണ വൃത്തത്തിൽ നിന്നും മനുഷ്യൻ പുറത്ത് പോകുകയായിരിക്കും ചെയ്യുന്നത്.

ചുരുക്കത്തിൽ മനുഷ്യൻ അല്ലാഹുവിന്റെ കൽപനക്ക് വിരുദ്ധമായി പ്രവർത്തിച്ചുകൊണ്ട് അല്ലാഹുവിന്റെ അതിർ വരമ്പുകളെ ലംഘിച്ചുകൊണ്ട് തഖ്‌വയിൽ നിന്നും അകലുന്നു. തഖ്‌വയിൽ നിന്നും അകലുന്നതനുസരിച്ച് ശൈത്വാന്റെ വലയിൽ വീണു കൊണ്ടിരിക്കും. അതുകൊണ്ടാണ് ഹ: മസീഹ് മൗഊദ് (അ) പറഞ്ഞത് ഒരു വിശ്വാസി ദൈവകൽപനക്ക് വിരുദ്ധമായി പ്രവർത്തിക്കരുത് എന്ന് മാത്രമല്ല, മറിച്ച് മറഞ്ഞിരുന്ന് അക്രമിക്കുന്ന ശൈത്വാന്റെ അക്രമങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കുകയും വേണ്ടതാണ്. ശൈത്വാൻ അക്രമിക്കുന്നതെങ്ങനെയെന്ന് അവൻ എപ്പോൾ വീക്ഷിച്ചു കൊണ്ടിരിക്കണം. ഇതറിയുന്ന വ്യക്തിക്ക് ശൈത്വാന്റെ ഒളിയമ്പുകളിൽ നിന്നും തന്നെ രക്ഷപ്പെടുത്താൻ സാധിക്കുന്നതാണ്.

ശൈത്വാൻ വിവിധ രീതിയിൽ അക്രമിക്കുന്നു. ഇക്കാലത്തെ പല കണ്ടു പിടിത്തങ്ങളും മനുഷ്യന് നഷ്ടം വരുത്തി വെക്കുന്നതാണ്. അവയെ നല്ല കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനു പകരം ശൈത്വാന്റെ ആക്രമണത്തിന് കാരണമായിത്തീരുന്ന രീതിയിൽ അവയെ ഉപയോഗിക്കുന്നു. അവ മനുഷ്യനെ ആരാധനയിൽ നിന്നും അകറ്റുന്നു. അവന്റെ സ്വഭാവഗുണത്തെ ദുഷിപ്പിക്കുന്നു. ഇത് എന്റെ വ്യക്തിപരമായ കാര്യമാണെന്നു മനുഷ്യൻ കരുതുന്നു. ഞാൻ ചൂതുകളിക്കുകയോ രാത്രി വൈകിയും ഇന്റർനെറ്റിൽ ഫിലിം കാണുകയോ ചെയ്യുന്നുണ്ടെങ്കിൽ, ടി.വി കാണുകയും മറ്റു പ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുണ്ടെങ്കിൽ അവയെല്ലാം എന്റെ വ്യക്തിപരമായ കാര്യമല്ലെ? മറ്റുള്ളവർക്ക് ഇതിലെന്തു കാര്യം എന്നവർ ചിന്തിക്കുന്നു. പല പ്രവർത്തികളും മനുഷ്യൻ ചെയ്യുമ്പോൾ അവർ കരുതുന്നത് മറ്റുള്ളവർക്ക് ഇതിൽ പ്രശ്നമൊന്നും ഉണ്ടാകാൻ പാടില്ല എന്നാണ്. കാരണം ഇവയൊന്നും ബാഹ്യമായി ഒരു നഷ്ടവും വരുത്തി വെക്കുന്നില്ല. എന്നാൽ തെറ്റായ കാര്യങ്ങൾ, അല്ലാഹുവിന്റെ പ്രീതിക്ക് വിരുദ്ധമായ കാര്യങ്ങൾ അവന്റെ ഇഷ്ടത്തിനെതിരായത് അവ പിന്നീട് മനുഷ്യനെ ദൈവാരാധനയിൽ നിന്നും അകറ്റുന്നു. അല്ലാഹുവിന്റെ കടമകൾ നിറവേറ്റുന്നതിൽ നിന്നും അകറ്റുന്നു. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിൽ നിന്നും അവനെ അകറ്റുന്നു.

ഈ നാടുകളിൽ മദ്യവും ചൂതുകളിയും ഇന്റർനെറ്റും വളരെ ലജ്ജാകരമായ സിനിമകളും തെറ്റായ കൂട്ടുകെട്ടും വീടുകളെ നശിപ്പിക്കുന്നതോടൊപ്പം യുവാക്കളെ തെറ്റായ മാർഗ്ഗത്തിൽ ഇട്ടുകൊണ്ട് അല്ലാഹുവിന്റെ സത്തയിലുള്ള വിശ്വാസത്തിൽ നിന്നും അകറ്റി അവരെ സമൂഹത്തിലെ അർബുദങ്ങളാക്കി മാറ്റുന്നു. അവർ നിത്യരോഗങ്ങളായി മാറുകയാണ്. അല്ലാഹു പറയുന്നു, നിങ്ങളുടെ ഓരോ ചിന്തയും അല്ലാഹുവിന്റെ പ്രീതിക്കനുഗുണമായി, അവസരോചിതം ഉപയോഗിക്കേണ്ടതാണ്. അപ്പോൾ ഇവ നിങ്ങളെ തഖ്‌വയിൽ മുന്നോട്ട് നയിക്കുന്നതായിരിക്കും. ഇതിനു വിരുദ്ധമായ പ്രവർത്തി നിങ്ങളെ ശൈത്വാന്റെ മടിത്തട്ടിലായിരിക്കും ചെന്നെത്തിക്കുക. ശൈത്വാന്റെ മടിത്തട്ടിൽ വീഴുന്നവർ നിശ്ചയമായും നഷ്ടപ്പെട്ടവരായിരിക്കും.

ഈ ആയത്തുകളിൽ അല്ലാഹു പറയുന്നു, വിശ്വാസത്തിന് ശേഷം നിങ്ങൾ തഖ്‌വ സ്വായത്തമാക്കുക. 'വിശ്വാസികളെ നിങ്ങൾ അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക.' ഈ ദുനിയാവും അതിലെ മനോഹാരിതയും അതിലെ സുഖസൗകര്യങ്ങളും ആഡംഭരങ്ങളും ഒന്നുമായിരിക്കരുത് നിങ്ങളുടെ ലക്ഷ്യം. നിങ്ങൾ നോക്കേണ്ടത് അല്ലാഹുവിന്റെ പ്രീതിക്കായി നിങ്ങൾ എന്തു ചെയ്തു എന്നാണ്. അല്ലാഹുവിന്റെ പ്രീതിക്കായി ചെയ്യുന്ന പ്രവർത്തികളാണ് പരലോകത്ത് ഫലം നൽകുകയുള്ളൂ. ലോകത്തിന്റെ എല്ലാ സുഖ സൗകര്യങ്ങളും ആനന്ദങ്ങളും താൽപര്യങ്ങളും എല്ലാം ഇവിടെ തന്നെ വിട്ടേച്ച് പോകേണ്ടതായി വരും. അതിനാൽ നിങ്ങൾ ഒരാത്മപരിശോധന നടത്തുക. തിന്മയുടെ അടിവേര് എന്നു പറഞ്ഞതു തന്നെ മനുഷ്യൻ തന്നെതന്നെ മറക്കുന്നു എന്നാണ്. അല്ലാഹുവിനെ അവൻ മറക്കുന്നു. പരലോകത്തിലെ അനശ്വരമായ ജീവിതത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിനവകാശികളായി മാറണമെങ്കിൽ അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ചു കൊണ്ട് അവന്റെ പ്രീതിയുടെ മാർഗ്ഗങ്ങൾ അന്വേഷിക്കേണ്ട ആവശ്യമാണുള്ളത്. നമ്മുടെ ജീവിതലക്ഷ്യം തിരിച്ചറിയേണ്ട ആവശ്യമാണുള്ളത്.

ഞാൻ ഓതിയ ആദ്യ ആയത്ത് നിക്കാഹ് വേളകളിൽ ഓതുന്ന ഒരായത്ത് കൂടിയാണ്. ഇതിൽ ഭാവിയിലെ ജീവിതത്തെ കുറിച്ച് സ്വയം ശ്രദ്ധാലുവായിത്തീരണം എന്ന് മനുഷ്യനെ ഉപദേശിക്കുന്നതോടൊപ്പം ഭാവിയിൽ വരാൻ പോകുന്ന മക്കളുടെ തർബിയ്യത്ത്, അവരുടെ ശ്രദ്ധ ഭൗതികതയിലേക്ക് തിരിച്ചു വിടുന്നതിനു പകരം മതത്തിലേക്ക് തിരിച്ചു വിടുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. നിക്കാഹിൽ കേൾപ്പിക്കുന്ന ആയത്തുകളിൽ ഒന്നാണിത്. നല്ലവരായ മക്കൾ, ദൈവപ്രീതി കരസ്ഥമാക്കാനായി പരിശ്രമിക്കുന്ന മക്കൾ തങ്ങളുടെ കടമകൾ നിറവേറ്റുന്നവരായിരിക്കും. അതോടൊപ്പം സൽസന്താനങ്ങളുടെ പ്രവർത്തനങ്ങളും മാതാപിതാക്കൾക്കായി അവർ ചെയ്യുന്ന പ്രാർത്ഥനകളും എല്ലാം തന്നെ മാതാപിതാക്കളുടെ പദവികൾ പരലോകത്ത്

ഉയർത്തുന്നതിനും കാരണമാകുന്നതാണ്. അല്ലാഹു പറയുന്നു, നിങ്ങൾ വിവാഹവേളകളിൽ ഓർക്കേണ്ട ഒരു കാര്യം ഇതാണ്. ഈ ലോകവും അതിലെ സുഖസൗകര്യങ്ങളും ആഢംഭരങ്ങളും അനുഭൂതികളും എല്ലാം നശ്വരമാണ്. വിവാഹം, ഭൗതികബന്ധം എല്ലാം താൽകാലിക അനുഭൂതിയാണ്. അനന്തമായ യഥാർത്ഥ അനുഭൂതി ദൈവസാമീപ്യത്തിലാണ് ലഭിക്കുക. അത് ഈ ലോകത്ത് ലഭിക്കുന്നതാണ്. അതിന്റെ ഫലമാണ് പരലോകത്ത് ഒരു വിശ്വാസി അനുഭവിക്കുന്നത്.

അല്ലാഹുവിനെ ഒരിക്കലും വിസ്മരിക്കരുതെന്നു പറഞ്ഞു കൊണ്ട് വിശ്വാസിയെ വിവിധ രീതിയിൽ അല്ലാഹു ഉപദേശിക്കുന്നു. തഖ്‌വയിൽ ചരിക്കുക. ഈ ലോകത്തെയും പരലോകത്തെയും നമുക്കനുകൂലമാക്കി മാറ്റുന്ന രീതിയിൽ നിങ്ങൾ പ്രവർത്തിക്കുക. ഈ ലോകത്തും നിങ്ങൾ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറുക. പരലോകത്തും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി മാറുക. ഓർക്കുക! അല്ലാഹു നിങ്ങളുടെ ഓരോ പ്രവർത്തിയും വീക്ഷിക്കുന്നുണ്ട്. അവന്റെ ദൃഷ്ടിയിൽ നിന്ന് മനുഷ്യന്റെ ചെറിയ ഒരു പ്രവർത്തി പോലും മറഞ്ഞിരിക്കുന്നില്ല. ഓരോ പ്രവർത്തിയുടേയും കണക്ക് രേഖപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് മനുഷ്യൻ വളരെ സൂക്ഷിച്ച് ഈ ലോകത്ത് ചലിക്കേണ്ടതാണ്. വിശ്വസിക്കുകയും, അത് സ്വീകരിച്ചിരിക്കുന്നെന്ന് വാദിക്കുകയും ചെയ്താൽ പോരാ. മറിച്ച് തഖ്‌വയുടെ മാർഗ്ഗം അന്വേഷിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) ഒരു സദസ്സിൽ ഇപ്രകാരം പറയുന്നു: "ഇസ്‌ലാമിൽ യഥാർത്ഥ ജീവിതം ഒരു മരണമാണ് ആഗ്രഹിക്കുന്നത്. അത് വളരെ കൈപ്പേറിയതാണ്. എന്നാൽ ആരാണോ അത് സ്വീകരിക്കുന്നത് അവനാണ് അവസാനം ജീവിക്കുന്നത്. ഹദീസിൽ വന്നിട്ടുണ്ട് മനുഷ്യൻ ഭൗതിക ആഗ്രഹങ്ങളെയും ആനന്ദങ്ങളെയും സ്വർഗീയമായി കണക്കാക്കുന്നത്. എന്നാൽ അവ നരകമാണ്. സൗഭാഗ്യവാനായ വ്യക്തി ദൈവമാർഗ്ഗത്തിലെ പ്രയാസങ്ങളെ സ്വീകരിക്കുന്നു. അതാണ് യഥാർത്ഥ സ്വർഗ്ഗം. ലോകം നശ്വരമാണെന്നതിൽ ഒരു സംശയവുമില്ല. എല്ലാവരും മരിക്കാനായാണ് ജനിച്ചത്. അവസാനം ഒരു സമയം വരും, അന്ന് എല്ലാ സുഹൃത്തുക്കളും പരിചയക്കാരും ബന്ധുമിത്രാദികളും എല്ലാം വേർപ്പിരിയുന്നതാണ്. അനുവദനീയമല്ലായിരുന്ന ആനന്താനുഭൂതികൾ ആ സമയത്ത് കൈപ്പേറിയതായി പ്രത്യക്ഷപ്പെടുന്നതാണ്. യഥാർത്ഥ സംതൃപ്തിയും ആനന്ദവും തഖ്‌വയില്ലാതെ കരഗതമാകുന്നതല്ല. തഖ്‌വയിൽ നിലനിൽക്കുക എന്നത് പാഷാണം കുടിക്കുന്നതിന് സമമാണ്. (ഇത് വളരെ പ്രയാസകരമായ കാര്യമാണ്) മുത്തഖിയായ വ്യക്തിക്ക് വേണ്ടി അല്ലാഹു എല്ലാ സംതൃപ്തിയുടെയും മാർഗ്ഗങ്ങൾ തുറക്കുന്നതാണ്. (തഖ്‌വ സ്വീകരിച്ചു കഴിഞ്ഞാൽ എല്ലാ ആനന്ദത്തിന്റെയും മാർഗ്ഗം അല്ലാഹു തുറക്കുന്നു) പറയുന്നു. **മൻ യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ വയർസുഖുഹൂ മിൻ ഹൈസു ലാ യഹ്തസിബ്.** ചുരുക്കത്തിൽ സന്തോഷം ലഭിക്കാനുള്ള മാനദണ്ഡം തഖ്‌വയാകുന്നു. തഖ്‌വ കരസ്ഥമാക്കാനായി നാം നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല. തഖ്‌വ സ്വീകരിച്ചു കഴിഞ്ഞാൽ എന്താണോ ചോദിക്കുന്നത് അത് ലഭിക്കും. അല്ലാഹു കാരുണ്യവാനും ആദരണീയനുമാണ്. തഖ്‌വ സ്വീകരിക്കുക. എന്താണ് ചോദിക്കുന്നത് അത് തരുന്നതാണ്." (അതായത് അല്ലാഹു ഇന്നത് തന്നാൽ മാത്രമേ ഞങ്ങൾ ഇന്ന നന്മ ചെയ്യുകയുള്ളൂ എന്ന നിബന്ധന വെക്കാൻ പാടില്ല. മറിച്ച് നന്മ ചെയ്യുക. തഖ്‌വ സ്വായത്തമാക്കുക. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുക. അതിനു ശേഷം അല്ലാഹുവുമായി ഒരു പ്രത്യേകബന്ധം സ്ഥാപിക്കപ്പെടുന്നു. അതു കാരണം അവനോട് എന്ത് ചോദിച്ചാലും അവൻ നൽകുന്നു)

തഖ്‌വയിലൂടെ നടക്കുന്നതുമൂലം അല്ലാഹുവിന്റെ എല്ലാ അനുഗ്രഹങ്ങളെയും കരസ്ഥമാക്കുന്നവനായി മനുഷ്യൻ മാറുന്നു. എന്നാൽ നാം എപ്പോഴും ഒരാത്മ പരിശോധന നടത്തേണ്ടതാണ്. ഇക്കാലത്ത് ഹ: മസീഹ് മൗഊദ് (അ)ന്റെ കൈകളിൽ ബൈഅത്ത് ചെയ്തു കൊണ്ട് നാം ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ എടുത്തിട്ടുള്ളവരാണ്. തഖ്‌വയിൽ ചലിക്കുമെന്ന പ്രതിജ്ഞ നാം ചെയ്തിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ വാക്കും പ്രവർത്തിയും ഒന്നാക്കിത്തീർക്കേണ്ടതാണ്. ഹ. മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. "തഖ്‌വയുടെ പടവുകൾ കയറുന്നതു വളരെ പ്രയാസകരമായ കാര്യമാണ്. അല്ലാഹുവിന്റെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്നവർക്കേ അതു കയറാൻ സാധിക്കുകയുള്ളൂ. അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുകയും തന്നിഷ്ടം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക. കൃത്രിമത്വം കൊണ്ട് അതു നേടിയെടുക്കാൻ സാധ്യമല്ല." അതുകൊണ്ട് ഇതിന് അല്ലാഹുവിന്റെ ഫള്‌ലിന്റെ ആവശ്യമാണുള്ളത്. ഇത് ലഭിക്കുന്നതിനായി ഒരു ഭാഗത്ത് നാം പ്രാർത്ഥിച്ചു കൊണ്ടിരിക്കുക. മറുഭാഗത്ത് പ്രയത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുക. അല്ലാഹു ദുആ ചെയ്യാനും അതോടൊപ്പം പ്രയത്നിക്കാനും നിഷ്കർശിച്ചിരിക്കുന്നു.

പറയുന്നു. "അല്ലാഹു വിശുദ്ധീകരിക്കാതെ ആർക്കും വിശുദ്ധരാകാൻ സാധ്യമല്ല. അല്ലാഹുവിന്റെ കവാടത്തിൽ വിനയത്തോടും ഭവ്യതയോടും കൂടി മനുഷ്യന്റെ ആത്മാവ് വീഴുമ്പോൾ അല്ലാഹു ആ വ്യക്തിയുടെ ദുആ സ്വീകരിക്കുന്നതും അവൻ മുത്തഖി ആയിത്തീരുന്നതും. തിരു നബി(സ)യുടെ ദീൻ മനസ്സിലാക്കാൻ പ്രാപ്തരായിത്തീരുന്നത് അപ്പോഴായിരിക്കും. വിനയവും എളിയ ജീവിതവും സ്വീകരിക്കുക. ഇതിനായി അല്ലാഹുവിന്റെ ഫള്‌ലിന്റെ ആവശ്യമുണ്ട്. അവന്റെ കൃപാവരമുണ്ടെങ്കിലേ ഇത് ലഭിക്കുകയുള്ളൂ. ഇത് ലഭിക്കുമ്പോഴാണ് തഖ്‌വ ലഭിക്കുക."

തഖ്‌വ ലഭിക്കുമ്പോഴാണ് തിരുനബി(സ)യുടെ ദീനിനെ, ഇസ്‌ലാമിനെ മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. പറയുന്നു. ഇതില്ലാതെ അവൻ ദീൻ എന്ന് പറഞ്ഞ് എത്ര ഒച്ച വെച്ചാലും, ഇബാദത്തുകൾ ചെയ്താലും അവർ ഒരു ആചാരം എന്ന നിലയ്ക്കാണ് ചെയ്യുന്നത്. പൂർവ്വികരിൽ നിന്നും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു എന്നു മാത്രമേ ഉള്ളൂ." (അതായത് പൂർവ്വികർ ചെയ്യുന്നത് കണ്ട് ചെയ്യുന്നു എന്ന് മാത്രം. മുസ്‌ലിം വീടുകളിൽ ജനിച്ചതുകൊണ്ട്, അഹ്മദീ വീട്ടിൽ ജനിച്ചതുകൊണ്ട്, അഹ്മദീ മുസ്‌ലിം ആയതുകൊണ്ട് പൂർവ്വികർ ചെയ്യുന്നതു കൊണ്ടുള്ള അനുകരണം എന്ന നിലയിൽ മാത്രം ചെയ്യുന്നതായിരിക്കും. ഇതല്ല യതാർത്ഥ രീതി. തഖ്‌വയാണ് മർമ്മം. അത് കരസ്ഥമാക്കാൻ പരിശ്രമവും പ്രാർത്ഥനയും അനിവാര്യമാണ്. വിനയവും എളിമയും സ്വീകരിക്കുമ്പോഴാണ് ഇതു ലഭിക്കുക.)

"പൂർവ്വികരുടെ അനുകരണത്താൽ ചെയ്യുന്നതിൽ ഒരു ആത്മീയതയും ഉണ്ടാകുകയില്ല.'' (അനുകരണത്താൽ മാത്രം തഖ്‌വ ഉണ്ടാകുകയില്ല) പറയുന്നു. "തഖ്‌വ കരസ്ഥമാക്കുക. തഖ്‌വക്ക് ശേഷമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാകുക. മുത്തഖി ലോകത്തുള്ള പ്രയാസങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് മൊത്തത്തിൽ നോക്കുമ്പോൾ അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹങ്ങൾ ജമാഅത്തിനു മേൽ ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. ജമാഅത്തിന്റെ പുരോഗതി നാം കാണുന്നു. ജമാഅത്തിനോടുള്ള അല്ലാഹുവിന്റെ പ്രത്യേക പെരുമാറ്റവും നാം കാണുന്നു. വളരെ പ്രതികൂല സാഹചര്യങ്ങളിൽ പോലും അല്ലാഹു ശത്രുക്കളുടെ വായയിൽ നിന്നും ജമാഅത്തിനെ എങ്ങനെയാണ് രക്ഷിക്കുന്നതെന്നും നാം കാണുന്നു. ജമാഅത്തിന്റെ വലിയൊരു വിഭാഗം തീർച്ചയായും തഖ്‌വയിൽ ചരിക്കുന്നവരും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരും ആണ്. എന്നിരുന്നാലും നാം പരിശ്രമിക്കേണ്ടതാണ്. ഹ: മസീഹ് മൗഊദ് (അ)നോട് ബൈഅത്തിന്റെ പ്രതിജ്ഞ ചെയ്തുകൊണ്ട് നമ്മിൽ ഓരോരുത്തരും തഖ്‌വയുടെ അത്യുന്നതപദവി കരസ്ഥമാക്കാൻ ശ്രമിക്കണം എന്നതാണ്. ഒരു യഥാർത്ഥ മുസ്‌ലിമിന് ഉണ്ടായിത്തീരേണ്ട യഥാർത്ഥ ദൈവസാമീപ്യം നാം കരസ്ഥമാകുന്നവരായി മാറണം. ഹ:മസീഹ് മൗഊദ് (അ) നമ്മിൽ നിന്നും ആഗ്രഹിക്കുന്നത് കരസ്ഥമാക്കാൻ ശ്രമിക്കണം. അല്ലാഹുവിനെ എപ്പോഴും ഓർക്കുക എന്നതാണത്. അല്ലാഹു പറയുന്നു. നിങ്ങളെന്നെ വിസ്മരിച്ചാൽ എനിക്ക് അതുകൊണ്ട് ഒരു നഷ്ടവും വരില്ല. ഈ അശ്രദ്ധ നിങ്ങൾക്ക് നഷ്ടം വരുത്തിവെക്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിനെ മറക്കുന്നവർ വിശ്വാസത്തിൽ ബലഹീനരായവരാണ്. അവർക്ക് പൂർണ്ണവിശ്വാസം ഉണ്ടായിരിക്കില്ല. ഒരുനാൾ നാമും അല്ലാഹുവിന്റെ മുമ്പിൽ ഹാജരാകേണ്ടവരാനെന്ന് കാര്യം അവർ മറന്നു കളയുന്നു. ഇതുകാരണം അവരുടെ ആത്മീയവും ധാർമ്മികവുമായ അവസ്ഥ തകരാൻ തുടങ്ങുന്നു. ദീൻ ദുനിയാവിനേക്കാളും മുന്തിക്കുന്നതിന് പകരം ദുനിയാവ് ദീനിനേക്കാളും മുന്തിക്കപ്പെടുന്നു. ഇങ്ങനെയുള്ള ഭൗതീകർ പരലോകത്ത് അല്ലാഹുവിന്റെ എന്ത് നടപടിയാണ് കാണുക എന്നത് അല്ലാഹുവിനാണ് കൂടുതൽ അറിയുക. എന്നാൽ ഈ ലോകത്തും ഭൗതികതയിൽ മുഴുകുന്നതു കാരണം അവരുടെ മനശാന്തി നഷ്ടപ്പെടുന്നു. അൽപമെങ്കിലും ധനനഷ്ടം വന്നാൽ, ഭൗതികമായ നഷ്ടം വന്നാൽ വലിയ രോഗികളായി മാറുന്ന പലരേയും നാം കണ്ടിട്ടുണ്ട്. അതുകാരണം അവർ ഒന്നിനും കൊള്ളരുതാത്തവരായി മാറുന്നു. അല്ലാഹു പറയുന്നു, വിശ്വാസം സ്വീകരിച്ചിരിക്കുന്നു എന്ന വാദമുന്നയിക്കുകയും അതോടൊപ്പം തഖ്‌വ കരസ്ഥമാക്കാനായി പരിശ്രമമില്ലെങ്കിൽ , അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റുന്നതിൽ ശ്രദ്ധയില്ലെങ്കിൽ ഇത് വ്യക്തമാക്കുന്നത് അല്ലാഹുവിൽ ശരിയായ വിശ്വാസമില്ല എന്നാണ്. വിശ്വാസത്തിൽ ബലഹീനതയുണ്ടെങ്കിൽ സംസ്കരണത്തിലേക്ക് ശ്രദ്ധയില്ലെങ്കിൽ ലോകത്ത് അസ്വസ്ഥജനകമായ ജീവിതമായിരിക്കും അവനുണ്ടാകുക. അങ്ങനെയുള്ള വ്യക്തി ഫാസിഖീങ്ങളിൽ ഉൾപ്പെടുന്നതാണ്. ഫാസിഖ് എന്നതിന് വിവിധ അർത്ഥങ്ങളുണ്ട്. ഇവിടെ ഇതിന്റെ അർത്ഥം ദൈവത്തിന്റെ കൽപനകൾ നടപ്പിൽ വരുത്തും എന്ന് പ്രതിജ്ഞ ചെയ്തതിനു ശേഷം അതിലെ ചില കൽപനകളെ അല്ലെങ്കിൽ എല്ലാ കൽപനകളെയും ലംഘിക്കുക. വിശുദ്ധ ഖുർആനിൽ ഇതിന് മറ്റർത്ഥങ്ങളും ലഭിക്കുന്നുണ്ട്. ദൈവിക അനുഗ്രഹങ്ങളോട് നന്ദികേടു കാണിച്ചുകൊണ്ട് അനുസരണ വൃത്തത്തിൽ നിന്നും പുറത്ത് പോകുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അപമതിക്കുമ്പോൾ അനുസരണവൃത്തത്തിൽ നിന്നും പുറത്ത് കടന്നവനായി മനസ്സിലാക്കപ്പെടുന്നതാണ്. അങ്ങനെ ഫാസിഖീങ്ങളിലും ദുർനടപ്പുകാരിലും അവർ അകപ്പെടുന്നതായിരിക്കും.

ഹ: മസീഹ് മൗഊദ് (അ) ന് ബൈഅത്ത് ചെയ്തു കൊണ്ട് നാം ഇപ്രകാരം പ്രതിജ്ഞ ചെയ്തിട്ടുണ്ട്. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുന്നതാണ്. ഏതവസ്ഥയാണെങ്കിലും അല്ലാഹുവിന്റെ കൽപനകളെ ഒരിക്കലും വിസ്മരിക്കുന്നതല്ല. തിരുനബി (സ) യുടെ പ്രവർത്തിയെ മുന്നോട്ട് കൊണ്ടു പോകുന്നതിനും ഇസ്‌ലാമിന്റെ പുനർജനനത്തിനുമായി ഹ: മസീഹ് മൗഊദ് (അ) മുഖേന അല്ലാഹു നൽകിയ അനുഗ്രഹത്തെ കരസ്ഥമാക്കിയ അഹ്മദികൾ ഭാഗ്യവാന്മാരാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ വെച്ചേറ്റവും വലിയ അനുഗ്രഹം നുബുവ്വത്തിന്റെ അനുഗ്രഹമാണ്. എന്നാൽ വിരോധാഭാസമെന്ന് പറയട്ടെ, മുസ്‌ലീംങ്ങൾ ഇതിനായി പ്രാർത്ഥിക്കുന്നതോടൊപ്പം ഇതിനെ നിഷേധിക്കുന്ന പ്രവർത്തിയാണ് അവർ ചെയ്യുന്നത്. അല്ലാഹു ഈ അനുഗ്രഹത്തെ സ്വീകരിക്കാനുള്ള തൗഫീഖ് നൽകി എന്നത് അവൻ നമ്മോട് ചെയ്ത വലിയ ഔദാര്യമാണ്. തിരുനബി (സ) യുടെ ശിഷ്യത്വത്തിലും തിരുനബി മുഖേനയും ലഭിക്കുന്ന അനുഗ്രഹമാണിത്. ഈ അനുഗ്രഹത്തിൽനിന്നും അനുഗ്രഹം കരസ്ഥമാക്കുന്നവരായി നാം മാറിയിരിക്കുന്നു.

ഈ അനുഗ്രഹത്തിൽനിന്നും അംശം കരസ്ഥമാക്കുന്നവരും അതിന് നന്ദി പ്രകടിപ്പിക്കുന്നവരുമായി നാം മാറുന്നത് ഹ: മസീഹ് മൗഊദ് (അ) ന്റെ നിർദ്ദേശങ്ങൾക്കും പ്രതീക്ഷകൾക്കും നാം വഴിപ്പെടുമ്പോഴാണ്. അതിനായി പരിശ്രമിക്കുന്നവരാകുമ്പോഴാണ്. അതല്ലെങ്കിൽ നാം അല്ലാഹുവിനെ മറക്കുന്നവരും അശ്രദ്ധയിൽ മുഴുകിക്കഴിയുന്നവരുമായി തീരുന്നതാണ്. അതിന്റെ ഫലമായി അല്ലാഹുവിന്റെ കോപം കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. എപ്പോഴും നാം ഓർക്കേണ്ടത് ഹ: മസീഹ് മൗഊദ് (അ) തന്റെ യജമാനനും ഗുരുവുമായ ഹ: മുഹമ്മദ് മുസ്തഫ (സ) ദാസത്വത്തിൽ തൗഹീദ് സ്ഥാപിക്കാനും അല്ലാഹുവിന്റെ അസ്ഥിത്വത്തെ തെളിയിക്കുവാനുമായാണ് വന്നത്. അല്ലാഹുവിന്റെ ഏകത്വത്തിൽ പൂർണ്ണ വിശ്വാസമുണ്ടാകുമ്പോഴാണ് യഥാർത്ഥ തഖ്‌വ കരഗതമാകുന്നത്. അവന്റെ പ്രീതിയായിരിക്കണം നമ്മുടെ ലക്ഷ്യം. അല്ലാഹുവിന്റെ തൗഹീദിൽ മനുഷ്യൻ ലീനമായിരിക്കണം. ഇതുണ്ടായികഴിഞ്ഞാൽ യഥാർത്ഥ തഖ്‌വ മനുഷ്യനിൽ ഉണ്ടായിത്തീരുന്നതാണ്.

ഹ: മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: "തൗഹീദ് എന്ന് പറഞ്ഞാൽ നാവുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുകയും അതോടൊപ്പം ആയിരക്കണക്കിന് ബിംബങ്ങളെ ഹൃദയത്തിൽ കുടിയിരുത്തുകയുമല്ല. മറിച്ച് ആരെങ്കിലും തന്റെ പ്രവർത്തനത്തിനും വഞ്ചനക്കും പദ്ധതിക്കും അല്ലാഹുവിന്റെ അതേ മഹത്വം നൽകുകയാണെ

ങ്കിൽ, അല്ലാഹുവിൽ പ്രതീക്ഷയർപ്പിക്കുന്നതു പോലെ ഏതെങ്കിലും വ്യക്തിയിൽ പ്രതീക്ഷ വെച്ചുപുലർത്തുകയാണെങ്കിൽ, അല്ലാഹുവിന് നൽകേണ്ട മഹത്വം തന്റെ അസ്ഥിത്വത്തിന് നൽകുകയാണെങ്കിൽ ഈ എല്ലാ അവസ്ഥയിലും ഈ വ്യക്തി ദൈവദൃഷ്ടിയിൽ ബിംബാരാധകനാണ്."

"സ്വർണ്ണം കൊണ്ടോ, വെള്ളി കൊണ്ടോ, പിച്ചള കൊണ്ടോ, കല്ലുകൾ കൊണ്ടോ മാത്രം നിർമ്മിച്ച് അതിൽ പ്രതീക്ഷ അർപ്പിക്കുന്ന വസ്തുക്കൾ മാത്രമല്ല ബിംബങ്ങൾ. മറിച്ച് ഓരോ വസ്തുവിനും ഓരോ വാക്കിനും പ്രവർത്തിക്കും അല്ലാഹുവിന് നൽകേണ്ട തരത്തിലുള്ള മഹത്വം നൽകപ്പെടുകയാണെങ്കിൽ അത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ ബിംബമാണ്." പറയുന്നു: "ഓർക്കുക ! യഥാർത്ഥ തൗഹീദ് , ഏതൊന്നിന്റെ പ്രഖ്യാപനത്തിലൂടെ മോക്ഷം ബന്ധപ്പെട്ടു നിൽക്കുന്നുവോ അത് ഇതാണ്; അല്ലാഹുവിന്റെ അസ്ഥിത്വത്തെ എല്ലാതരം ബിംബങ്ങളിൽ നിന്നും മനുഷ്യനിൽ നിന്നും സൂര്യനിൽ നിന്നും ചന്ദ്രനിൽ നിന്നും സ്വന്തം ആത്മാവിൽ നിന്നും തന്റെ എന്തെങ്കിലും പദ്ധതിയോ ആശയമോ വസ്തുവിനെയോ ആയാലും അതിൽ നിന്നെല്ലാം അല്ലാഹു ഉന്നതനാണെന്ന് മനസ്സിലാക്കുകയും അവനേക്കാളും ശക്തനായി മറ്റാരുമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ തൗഹീദ് . അവനല്ലാതെ ഒരു അന്നദാതാവും ഉണ്ടെന്ന് അംഗീകരിക്കാതിരിക്കുക.ആദരവും നിന്ദ്യതയും നൽകുന്നവനും അവനല്ലാതെ ഇല്ലെന്ന് അംഗീകരിക്കുക." (അല്ലാഹു എല്ലാവരേക്കാളും ഉന്നതനാണെന്ന് മനസ്സിലാക്കുകയും ലോകത്തിൽ ലഭിക്കുന്ന ആദരവും അപമാനവും എല്ലാം നൽകുന്നവൻ അല്ലാഹുവാണെന്ന് മനസ്സിലാക്കുകയും ചെയ്യുക. ഒരു മനുഷ്യന് ഒരാളെ ആദരിക്കാനോ നിന്ദ്യനാക്കാനോ സാധ്യമല്ല. ഇതാണ് തൗഹീദിന്റെ യഥാർത്ഥ അർഥം. അല്ലാഹുവിനെ ആദരവ് നൽകുന്നവനായും നിന്ദ്യത നൽകുന്നവനായും മനസ്സിലാക്കുക. ആദരവിന് ഉടമസ്ഥനാക്കി മാറ്റുന്നതും അവന്റെ തെറ്റായ പ്രവർത്തനത്തിലൂടെ നിന്ദ്യനാ ക്കുന്നതും അല്ലാഹുവാണ്. അവനല്ലാതെ ഒരു സഹായിയും ഇല്ലെന്ന് മനസ്സിലാക്കുക. (അല്ലാഹു അല്ലാതെ സഹായികൾ ആരുമില്ലെന്ന് മനസ്സിലാക്കുക). രണ്ടാമത്തെ കാര്യം തന്റെ സ്നേഹം അവന് മാത്രമാക്കി മാറ്റുക. തന്റെ ആരാധന അവന് വേണ്ടി മാത്രമാക്കി മാറ്റുക. തന്റെ വിനയം അവന് വേണ്ടി മാത്രമാക്കുക. (ചിലർ മനുഷ്യരുടെ മുമ്പാകെ കുമ്പിടാറുണ്ട്. അത് പാടില്ല. പൂർണ്ണമായ വണക്കം അല്ലാഹുവിന്റെ മുമ്പിൽ മാത്രമാകേണ്ടതാണ്. ) തന്റെ പ്രതീക്ഷകൾ അവനിൽ മാത്രം അർപ്പിക്കുക. തന്റെ ഭയം അവന് മാത്രമാക്കുക."

പറയുന്നു: മൂന്ന് വിധത്തിലുള്ള കാര്യങ്ങൾ ഒത്തു ചേർന്നാൽ മാത്രമേ തൗഹീദ് പൂർണ്ണമാകുകയുള്ളൂ. ഒന്ന് അസ്ഥിത്വത്തിലുള്ള തൗഹീദ്. അതായത് അവന്റെ അസ്തിത്വം ഉള്ളതുകൊണ്ട് മറ്റെല്ലാം ഒന്നുമല്ലെന്ന് മനസ്സിലാക്കുക. എല്ലാം തന്നെ നശ്വരവും നാശമടയുന്നതാണെന്നും കരുതുക. (എല്ലാം നശിക്കുന്നതാണെന്നും ഇല്ലാതാകുന്നതാണെന്നും മനസ്സിലാക്കുക.) രണ്ടാമത്തെ കാര്യം അല്ലാഹുവിന്റെ ഗുണത്തിൽ തൗഹീദ്, അതായത് റുബൂബിയ്യത്ത് ഉലൂഹിയത്ത് എന്നീ രണ്ട് ഗുണങ്ങളും അവന് മാത്രമാണുള്ളതെന്നും മറ്റൊന്നിലും ഇല്ലെന്നും അംഗീകരിക്കുക. പരിപാലിക്കുന്നവനും അല്ലാഹുവാണ്. ആരാധ്യനും അല്ലാഹു മാത്രമാണ്. ബാഹ്യമായി നമുക്ക് ഗുണവും ഉപകാരവും ചെയ്യുന്നവരെ അല്ലാഹുവിന്റെ ഒരു സഹായഹസ്തമായി കണക്കാക്കുക. (ചിലർ ബാഹ്യമായി പല രീതിയിലും സഹായിക്കുന്നു, അവരിൽ നിന്ന് ഗുണവും ലഭിക്കുന്നു, യഥാർത്ഥത്തിൽ ഇത് അല്ലാഹുവിന്റെ ഒരു സംവിധാനമായി കണക്കാകുക.) ഇവരെയെല്ലാം അല്ലാഹു ഒരു മാർഗമാക്കിയിരിക്കുകയാണെന്ന് മനസ്സിലാക്കുകയാണ് വേണ്ടത്. അല്ലാതെ യഥാർത്ഥ ഉടമസ്ഥർ ഇവരല്ല. അല്ലാഹുവാണ്. ഇവർ മാധ്യമങ്ങളാണ്.

മൂന്നാമത്തെ കാര്യം സ്നേഹം, സത്യസന്ധത, ഹൃദയശുദ്ധി എന്നിവ മുഖേനയുള്ള തൗഹീദ്. സ്നേഹത്തിലും ആരാധനയിലും അല്ലാഹുവിനോടൊപ്പം മറ്റൊന്നിനേയും പങ്കുചേർക്കാതിരിക്കുക. എന്നിട്ട് അവനിൽ ലയിച്ചു ചേരുക. വെറും ആരാധന മാത്രമല്ല , അല്ലാഹുവിനോടുള്ള സ്നേഹത്തിൽ തന്നെ ലീനമാക്കുക." ഒരു വിശ്വാസിയിൽ ഈ കാര്യങ്ങൾ ഉണ്ടാകുമ്പോഴാണ് അവൻ അല്ലാഹുവിന്റെ കടമകൾ നിറവേറ്റുന്നവനായി മാറുക. തഖ്‌വയിൽ ചരിക്കുന്നവനാണെന്ന് അവനെക്കുറിച്ച് പറ യപ്പെടുക.

തഖ്‌വയുടെ ഔന്നത്യത്തെക്കുറിച്ച് ഹ.മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. "തഖ്‌വയുടെ ഔന്നത്യം എന്നത് മനുഷ്യന്റെ അസ്തിത്വം തന്നെ ഇല്ലാതായിത്തീരുക എന്നതാണ്. യഥാർത്ഥത്തിൽ ഇതാണ് തൗഹീദ്. മനുഷ്യൻ ഈ ഔന്നത്യം കരസ്ഥമാക്കിയാൽ, തന്റെ അസ്തിത്വം ഇല്ലാതാക്കി അല്ലാഹുവിന്റെ അസ്തിത്വത്തിൽ തന്നെ ലീനമാക്കിയാൽ ഇതാണ് തഖ്‌വയുടെ ഔന്നത്യം. ഇത് തന്നെയാണ് തൗഹീദ്. ഈ ഒരു സ്ഥാനം കരസ്ഥമാക്കുമ്പോൾ യഥാർഥ തൗഹീദ് കരസ്ഥമാക്കുന്നവനായി അവൻ മാറുന്നതാണ്.

ചുരുക്കത്തിൽ അല്ലാഹുവിന്റെ അസ്തിത്വത്തെ മറ്റെല്ലാത്തിനേക്കാളും മുൻഗണന നൽകുക എന്നതാണ് തഖ്‌വ. ഇതാണ് തൗഹീദിൽ അടിയുറച്ചു നിൽക്കൽ. ഈ സ്ഥാനം കരസ്ഥമാക്കുവാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകട്ടെ.

ഞാൻ യാത്രക്ക് പുറപ്പെടുകയാണ്. അല്ലാഹു ഈ യാത്ര എല്ലാ തരത്തിലും അനുഗ്രഹപൂർണ്ണമാക്കാനായി ദുആക്കപേക്ഷിക്കുന്നു.

# PRINTED BOOKS

To

From

Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 May 03 at : Baitul Futuh London
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: Nasarudheen A T & Semiyya
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**